Malayala Manorama 11-09-18, P-2



അന്നമനട മാമ്പ്ര മഹാദേവ ക്ഷേത്രത്തിലെ ചെണ്ടുമല്ലി, പച്ചക്കറി കൃഷി വിളവെടുക്കാറായപ്പോൾ

■ പ്രളയത്തെ തോൽപിച്ചു

# പച്ച പിടിച്ച് പൂകൃഷിയും പച്ചക്കറികൃഷിയും

അന്നമനട • പ്രളയം തകർത്തെറിഞ്ഞ കാഴ്ചകൾ കണ്ടു മടുത്തോ...? മാമ്പ്ര മഹാദേവ ക്ഷേത്രത്തിൽ എത്തിയാൽ മനം കുളിർപ്പിക്കുന്ന കാഴ്ച ആസ്വദിക്കുകയും വിഷരഹിത പച്ചക്കറി വാങ്ങി മടങ്ങുകയുമാകാം. പ്രളയത്തിൽ വെള്ളം കയറാതിരുന്ന ക്ഷേത്രഭൂമിയിൽ ഹരിതക്ഷേത്രം പദ്ധതിയിൽ ഒരുക്കിയ പച്ചക്കറി തോട്ടവും പുഷ്പകൃഷിയും വിളവെടുപ്പിന് ഒരുങ്ങി. കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ഈ പദ്ധതിയിൽ കഴിഞ്ഞ വർഷത്തെ മികച്ച പ്രവർത്തനത്തിനുള്ള അവാർഡ് ഇവർക്കു ലഭിച്ചിരുന്നു. പ്രളയത്തിന്റെ ഭാഗമായി ആരംഭിച്ച ദുരിതാശ്വാസ ക്യാംപുകളിലേക്ക് ആവശ്യമായ പച്ചക്കറി ശേഖരിച്ചത് ഇവിടെനിന്നാണ്. ചെണ്ടുമല്ലി, പയർ, വെണ്ട, വഴുതന, ചേമ്പ്, കൂർക്ക, ചേന, രാജകുവ, വാഴ, ഇഞ്ചി, മഞ്ഞൾ തുടങ്ങിയ കൃഷിയാണ് ഇവിടെ നടത്തുന്നത്.